പതിന്നാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1544 07/06/2018 ൽ മറുപടിക്ക്

## റീസർവ്വെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറയ്ക്കൽ അബ്ദുല്ല | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂമി റീസർവ്വെ നടത്തി ഡിജിറ്റൽ ലാൻഡ് റെക്കോർഡ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് മുഴുവൻ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ 10 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയായിട്ടുള്ളതും സംസ്ഥാനത്ത് 32 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പുരോഗതിയിലുമാണ്. |
| (ബി) എങ്കിൽ ഇതിനാവശ്യമായ സർവ്വെ ജോലികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുക; | (ബി) റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (സി) ഇതിനാവശ്യമായ ചെലവ് ജനങ്ങളിൽ നിന്നും നേരിട്ട് ഈടാക്കുമോ ; | (സി) സർവ്വെ പ്രവർത്തനങ്ങൾക്ക് ആകെ ചെലവായ തുക ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി വിഭജിച്ച് ഓരോ കൈവശത്തിനുമുള്ള സർവ്വെ ചാർജ്ജ് (ഡിമാന്റ്) കണക്കാക്കി തുക ഈടാക്കുന്നതിനുള്ള പട്ടിക തയ്യാറാക്കി റവന്യൂ വകുപ്പിന് നൽകി വില്ലേജ് ഓഫീസ് മുഖേന പ്രസ്തുത തുക ഭൂവുടമകളിൽ നിന്നും നിലവിൽ ഈടാക്കിവരുന്നു. |

| | |
|---|---|
| (ഡി) റീസർവ്വെ നടത്തി നൽകണമെന്ന് ആവശ്യപ്പെടാത്തവരുടെ ഭൂമിയും ഇതിലേയ്ക്കായി ഫീസീടാക്കി റീസർവ്വെ ചെയ്യുന്നുണ്ടോ ; | (ഡി) സർവ്വെ അതിരയാള ആക്ട് 1961 അനുശാസിക്കും വിധം വിജ്ഞാപനം നടത്തി സർവ്വെ നടത്തുന്ന പ്രദേശത്തെ ഫീൽഡ് ജോലി പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രദേശത്തെ എല്ലാ ഭൂവുടമകളിൽ നിന്നും സർവ്വെ ചാർജ്ജ് (ഡിമാന്റ്) ഈടാക്കി വരുന്നു. |
| (ഇ) എങ്കിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ? | (ഇ) ഭൂമിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി താരതമ്യേന കുറഞ്ഞ തുകയാണ് സർവ്വെ ചാർജ്ജ് (ഡിമാന്റ്) ഇനത്തിൽ ഈടാക്കുന്നത്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്ക് ഇത് ബുദ്ധിമുട്ടുണ്ടാക്കുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ